Reg. No. : ..................................

Name : ........................................

**SY 608**

# SECOND YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2025
## Part – II
## MALAYALAM
**Maximum : 80 Scores**

Time : 2½ Hours
Cool-off Time : 15 Minutes

---

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

HSSLIVE.IN®

Score

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. സ്കോർ 2 വീതം.** **(5×2=10)**

1. ദുർജ്ജനങ്ങളുടെ സ്വഭാവത്തെ ശകുന്തള താരതമ്യം ചെയ്യുന്നത് ഏതിനോടെല്ലാമാണ് ?

   a) മത്തേഭം

   b) മേരു

   c) ക്രുദ്ധനായ സർപ്പം

   d) ഹംസം

Score

2. കൊള്ളിവാക്കല്ലാതൊന്നും എന്ന പാഠഭാഗത്ത് ശീലാവതിയ്ക്കു മാത്രം ചേരുന്ന വിശേഷണങ്ങൾ ഏവ ?

   a) കൊള്ളിവാക്കല്ലാതെ മറ്റൊന്നും പറയില്ല.

   b) ഇല്ലങ്ങളിൽ ചെന്ന് നെല്ലും അരിയും യാചിക്കുന്നു.

   c) ഔഷധങ്ങളെയും രോഗം ജയിക്കുന്നു.

   d) ജാതക ദോഷം കൊണ്ട് ജീവിതം ദുരിതമയമാകുന്നു.

3. അവകാശങ്ങളുടെ പ്രശ്നം എന്ന കഥയിൽ വിപണിയുടെ സ്വഭാവമായി അവതരിപ്പിക്കുന്ന കാര്യങ്ങൾ എന്തെല്ലാം ?

   a) ഉപഭോക്താവിനെ തന്നെ ഉൽപന്നമാക്കുന്നു.

   b) മനുഷ്യബന്ധങ്ങൾക്ക് പ്രാധാന്യം കൽപ്പിക്കുന്നു.

   c) വാങ്ങാൻ വരുന്നവർക്ക് ആശയക്കുഴപ്പമുണ്ടാക്കുന്നു.

   d) ഉപഭോക്താവിന്റെ താല്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നു.

4. "അല്പം മുൻപാണ് എന്റെ കൗമാര യൗവനങ്ങളെ ത്രസിപ്പിച്ച വലിയൊരു മനുഷ്യന്റെ കണ്ണുനീർ ആ മണ്ണിൽ വീണത്. പ്രിയ വായനക്കാരാ ക്ഷമിക്കുക, വികാരം എന്നെയും കീഴടക്കിയിരിക്കുന്നു." – ഈ വരിയിൽ നിന്ന് കണ്ടെത്താവുന്ന ഫീച്ചറിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

   a) വൈകാരികമായ ഭാഷ

   b) ദാർശനിക സ്വഭാവം

   c) സംസ്കൃത പദങ്ങളുടെ ആധിക്യം

   d) ആലങ്കാരികമായ അവതരണം

HSSLiVE.IN®

Score

5. ഒരു പാഴ്ജന്മമാണ് തന്റേതെന്ന ബോധം ഹൈദരലിയിൽ രൂപപ്പെടാനുണ്ടായ കാരണങ്ങൾ എന്തെല്ലാം ?

   a) ഉമ്മയ്ക്ക് പോലും നാണക്കേടുണ്ടാക്കിയ ജന്മം

   b) കലാമണ്ഡലത്തിലെ അധ്യാപകരുടെ സമീപനം

   c) ബാപ്പയുടെ അകാലമരണം

   d) കഥകളി സംഗീത പഠനത്തിലെ പരാജയം

6. കാക്കാരിശ്ശിപ്പാട്ടുമായി ബന്ധപ്പെട്ട സവിശേഷതകൾ കണ്ടെത്തുക.

   a) അനുഷ്ഠാന കലയാണ്

   b) കേരളത്തിലെ നാടോടി നാടക രൂപം

   c) തത്വചിന്താപരമായ സംഭാഷണ രീതി

   d) ഫലിത പരിഹാസങ്ങളിലൂടെയുള്ള സാമൂഹിക വിമർശനം

HSSLiVE.IN®

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 2 വീതം.** **(3×2=6)**

7. ചെറിയ തെറ്റുകളെ വലുതാക്കി കാണിക്കുകയും വലിയ കുറ്റങ്ങളെ കാണാതെ പോകുകയും ചെയ്യുന്ന ഒരു സമൂഹത്തെയാണ് മോഷണം എന്ന കവിത പരിഹസിക്കുന്നത്. വ്യക്തമാക്കുക.

8. "ഭ്രമാത്മകമായ (ഫാന്റസി) ഒരു പശ്ചാത്തലമാണ് അവകാശങ്ങളുടെ പ്രശ്നങ്ങളിലേത്" – ഈ വാക്യത്തെ മുൻനിർത്തിക്കൊണ്ട് ഏതെങ്കിലും ഒരു ഉദാഹരണം എഴുതുക.

9. യമുനയോത്രിയുടെ ഊഷ്മളതയിൽ വിവരിക്കുന്ന സൂര്യകുണ്ഡിന്റെ പ്രത്യേകത എന്താണ് ?

10. പരമ്പരാഗത മാധ്യമങ്ങളുടെ ഒന്നോ രണ്ടോ സവിശേഷതകൾ എഴുതുക.

Score

**11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 4 വീതം.** **(6×4=24)**

11. മാപ്പിളപ്പാട്ട് കവികളിൽ പ്രമേയം കൊണ്ട് പുലിക്കോട്ടിൽ ഹൈദർ വ്യത്യാസപ്പെട്ട് നിൽക്കുന്നത് എങ്ങനെ ? വിശദീകരിക്കുക.

12. 'കയ്യൊപ്പില്ലാത്ത സന്ദേശം' എന്ന പേര് നോവൽ ഭാഗത്തിന് യോജിക്കുന്നുണ്ടോ ? – വിശകലനക്കുറിപ്പ് തയ്യാറാക്കുക.

13. നിസ്സാരമെന്ന് തോന്നുന്ന ഒന്നായിരിക്കാം പലപ്പോഴും ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതെന്ന് ചിന്ത 'തേങ്ങ' പങ്കു വയ്ക്കുന്നുണ്ടോ ? നിങ്ങളുടെ നിഗമനങ്ങൾ എഴുതുക.

14. എഴുത്തച്ഛന്റെ കാവ്യഭാഷയുമായി ബന്ധപ്പെട്ട വസ്തുതകൾ ശരിയായ രീതിയിൽ ചേർത്തെഴുതുക.

| | | |
|---|---|---|
| ഉവന്നു | – | ലോകോക്തി |
| കേട്ടുകേളി | – | ലളിതസംസ്കൃതപദ പ്രയോഗം |
| നല്ലനായിരിപ്പവൻ | | |
| നല്ലതുഗ്രഹിച്ചിടും | | |
| വെള്ളത്തെ വെടിഞ്ഞു | | |
| പാലന്നമെന്നതുപോലെ | – | വാമൊഴി പ്രയോഗം |
| അഖിലമലമലം | – | പ്രാചീന പദപ്രയോഗം |

Score

15. പരസ്യങ്ങൾ പൊതുവേ അതിശയോക്തിപരമാണെങ്കിൽ കൂടിയും അവയെ പൂർണമായും തള്ളിക്കളയേണ്ട ഒന്നല്ല എന്നതിന് ലേഖകൻ സൂചിപ്പിക്കുന്ന കാരണങ്ങൾ എന്തെല്ലാമാണ് ? വിശദീകരിക്കുക.

16. "നിരന്തര സംവാദങ്ങൾ സോഷ്യൽ മീഡിയയെ ഒഴിവാക്കാനാകാത്ത മാധ്യമ രൂപമായി മാറ്റിക്കഴിഞ്ഞു" – ലേഖകന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? അഭിപ്രായം എഴുതുക.

17. കലയുടെ ലോകം മതനിരപേക്ഷതയുടെ ലോകം കൂടിയാണെന്ന് കലോത്സവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ടോ ? അഭിപ്രായം എഴുതുക.

**18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 6 വീതം.** SSLIVE.IN® **(3×6=18)**

18. "എസ്. കെ. പൊറ്റക്കാട്ടിന്റെ സഞ്ചാര സാഹിത്യ കൃതികളുടെ മികവിനു കാരണം അവയുടെ ഭാഷാപരമായ പ്രത്യേകതകൾ കൂടിയാണ്." – ബദരിയും പരിസരവും എന്ന പാഠഭാഗത്തെ ആസ്പദമാക്കി ഈ പ്രസ്താവന പരിശോധിക്കുക.

19. "കുലനാരിയ്ക്കരുത് കോപം പോൽ" – ഉള്ളിലുള്ള കോപവും വിഷമവും ഒന്നും പുറത്തു കാണിക്കാതെ കഴിയുന്നവർ മാത്രമാണ് ഉത്തമ സ്ത്രീകൾ എന്ന തരത്തിലുള്ള ഉപദേശങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? – സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

20. സ്വന്തം ദേശത്തിൽ നിന്ന് പറിച്ചുനടപ്പെട്ട കുട്ടികളുടെ ആധിയും അവിടേക്ക് തിരികെപ്പോകാനുള്ള തീവ്രമായ ആഗ്രഹവും പ്രകാശം ജലം പോലെ എന്ന കഥയുടെ മുഖ്യ ഘടകമാണ്." – ഈ പ്രസ്താവനയോട് പ്രതികരിക്കുക.

Score

21. മനുഷ്യരുടെ സ്വഭാവ വൈകല്യങ്ങളെ പരിഹാസത്തിലൂടെ വിമർശിക്കുന്നവയാണ് കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികൾ – ഈ പ്രസ്താവന കൊള്ളിവാക്കല്ലാതൊന്നും എന്ന കവിതാ ഭാഗവുമായി എങ്ങനെ പൊരുത്തപ്പെട്ടു നിൽക്കുന്നുവെന്ന് വിശദീകരിക്കുക.

**താഴെക്കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 2 വീതം.** (3×2=6)

പക്ഷിയായിപറന്നപ്പോൾ
കണ്ടുഞാനാകാശത്തെ
ശുദ്ധശൂന്യമാണത്
ഘനനീലമേ അല്ല
വൃക്ഷമായി പടർന്നപ്പോ –
ളറിഞ്ഞു, വെയിൽ, കത്തു മുച്ചവെയിലതേ സത്യം
കുളിർ കാറ്റൊരുസ്വപ്നം
മത്സ്യമായ് നദി മുഖം
മുറിച്ചു കടക്കുമ്പോൾ കയ്യുമായ് കടൽ മാത്രം
കറുത്തു തിരയ്ക്കുന്നു
എങ്കിലും പറക്കുന്നു
പടർന്നു വിറക്കുന്നു
വൻ നദിമുറിക്കുന്നു
ഭൂമി ഞാനളക്കുന്നു

**സത്യം** **വിജയലക്ഷ്മി**

22. ആകാശം ശുദ്ധശൂന്യമായി കണ്ടത് എപ്പോഴാണ് ?

23. വൃക്ഷം മനസ്സിലാക്കിയ സത്യം എന്തായിരുന്നു ?

24. യഥാർത്ഥ സത്യം എപ്പോഴും പുറമേ കാണുന്നതാവില്ല എന്ന ആശയത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? അഭിപ്രായം എഴുതുക.

HSSLiVE.IN

Score

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 8 വീതം.** **(2×8=16)**

25. ജീർണിച്ച അധികാര വ്യവസ്ഥിതിയുടെ ഭാഗമായ എല്ലാത്തിനെയും മാലിന്യമായി കണ്ട് ശുദ്ധീകരണം നടത്തുകയാണ് "അഗ്നിവർണന്റെ കാലുകളിലെ അടിച്ചു തളിക്കാരി". ജനാധിപത്യ ശക്തിയുടെ മുന്നേറ്റത്തിന്റെ പ്രതീകമായ അടിച്ചുതളിക്കാരിയിലൂടെ നാടകത്തിന് ഒരു സ്ത്രീപക്ഷ വായന സാധ്യമാണോ ? ഉപന്യാസം തയ്യാറാക്കുക.

26. കിരാതവൃത്തം പരിസ്ഥിതി നാശത്തെ കുറിച്ചുള്ള കവിതയാണെന്നും നഗരത്തിലെ മനുഷ്യർ ചൂഷണം ചെയ്ത് നശിപ്പിക്കുന്ന ഒരു വർഗ്ഗത്തെ പറ്റിയുള്ള വിലാപമാണെന്നും അഭിപ്രായങ്ങളുണ്ട്. നിങ്ങളുടെ നോട്ടത്തിൽ കിരാതവൃത്തം എന്ന കവിതയിൽ ഏത് സാമൂഹിക പ്രശ്നത്തിലാണ് പ്രാധാന്യം ലഭിച്ചിട്ടുള്ളത് ? വാദങ്ങൾ അവതരിപ്പിക്കുക.

HSSLiVE.IN

27. 'സ്വന്തം വഴി കണ്ടെത്തുകയാണ് ആത്മബോധമുള്ള ഏതൊരു സ്ത്രീയുടെയും ലക്ഷ്യം"
– ഈ ആശയം ഗൗളിജന്മം എന്ന കഥ എങ്ങനെ പങ്കുവെയ്ക്കുന്നു ? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

---